തിരുവനന്തപുരം	95 എണ്ണം
കൊല്ലം	63 എണ്ണം
പത്തനംതിട്ട	62 എണ്ണം
കോട്ടയം	81 എണ്ണം
ആലപ്പുഴ	66 എണ്ണം
എറണാകുളം	17 എണ്ണം
ഇടുക്കി	82 എണ്ണം
തൃശ്ശൂർ	57 എണ്ണം
കോഴിക്കോട്	79 എണ്ണം
വയനാട്	19 എണ്ണം
കണ്ണൂർ	123 എണ്ണം
കാസർഗോഡ്	75 എണ്ണം
പാലക്കാട്	68 എണ്ണം
മലപ്പുറം	27 എണ്ണം
ആകെ	914 എണ്ണം

(ബി) കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളുടെയും JICA, NABARD തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളുടെയും സഹായത്തോടുകൂടി വിവിധ ശുദ്ധജല വിതരണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഇപ്പോൾ നിലവിലുള്ള ശുദ്ധജല വിതരണ പദ്ധതികളിലൂടെയും ഇപ്രകാരം, പുതുതായി ആസൂത്രണം ചെയ്ത നടപ്പിലാക്കി വരുന്ന പദ്ധതികളിലൂടെയും സംസ്ഥാനത്തെ മുഴുവൻ ജനങ്ങൾക്കും കുടിവെള്ളം എത്തിച്ചുകൊടുക്കുവാനാണ് ജല അതോറിറ്റി ലക്ഷ്യമിടുന്നത്.

(സി) 3 എണ്ണം.

കുടിവെള്ള പദ്ധതികൾ പൂർത്തീകരിക്കാൻ നടപടി

182(883) ശ്രീ. വർക്കല കഹാർ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. ഷാഹി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിവെള്ള പദ്ധതികൾ പൂർത്തീകരിക്കാൻ എന്തെല്ലാം കർമ്മ പദ്ധതി നടപ്പാക്കിയിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ?

ഉത്തരം

(എ) കേരള ജല അതോറിറ്റിയിൽ ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ അടിയന്തരമായി പൂർത്തീകരിക്കാൻവേണ്ടി കേരള വാട്ടർ അതോറിറ്റിയുടെ വിവിധ തലങ്ങളിൽ അവലോകന യോഗങ്ങൾ കൂടുകയും തടസ്സങ്ങൾ നീക്കുന്നതിനായി നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. പദ്ധതിയുടെ നിർമ്മാണ സമയത്ത് ഉണ്ടാകുന്ന സാങ്കേതികവും പ്രാദേശികവുമായ തടസ്സങ്ങൾ ഔദ്യോഗിക തലത്തിലും ജനപ്രതിനിധികളുടെ സാന്നിദ്ധ്യത്തിലും ചർച്ച ചെയ്ത് തടസ്സങ്ങൾ നീക്കി പണികൾ നടപ്പാക്കിവരുന്നു. ഇതിനുപുറമേ അവലോകന യോഗങ്ങൾ നടത്തിയും റീഡിയോ കോൺഫറൻസിലൂടെയും പദ്ധതിയുടെ പുരോഗതികൾ വിലയിരുത്തി പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ കേരള വാട്ടർ അതോറിറ്റി വീക്ഷ്യമിടുന്നു.

(ബി) സമയബന്ധിതമായി പദ്ധതി പൂർത്തീകരിച്ച് ശുദ്ധമായ കുടിവെള്ളം കൂടുതൽ ജനങ്ങളിൽ എത്തിക്കുക എന്നതാണ് ഈ പദ്ധതികൾ പൂർത്തീകരിക്കുന്നതിലൂടെ ഉദ്ദേശിക്കുന്നത്.

പുഴയ്ക്ക് ഇരുവശങ്ങളിലും സംരക്ഷണഭിത്തി

183(884) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിൽ പെരുമ്പുഴ, പെരിങ്ങോം-വയക്കര പഞ്ചായത്തിലൂടെ ഒഴുകുന്ന കാര്യാങ്കോട് പുഴയ്ക്ക് ഇരുവശങ്ങളിലും സംരക്ഷണഭിത്തി കെട്ടി സംരക്ഷിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

കണ്ണൂർ ജില്ലയിൽ പെരുമ്പുഴ, പെരിങ്ങോം-വയക്കര പഞ്ചായത്തിലൂടെ ഒഴുകുന്ന കാര്യാങ്കോട് പുഴയ്ക്ക് സംരക്ഷണഭിത്തി നിർമ്മിക്കാൻ നിലവിൽ പദ്ധതികളൊന്നും തന്നെ സമർപ്പിച്ചിട്ടില്ല.

ശുദ്ധജല വിതരണം

184(885) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊന്നാനി മണ്ഡലത്തിലെ ആയിരക്കണക്കിന് കുടുംബങ്ങൾക്ക് ശുദ്ധജലം ലഭിക്കുന്നതിനുള്ള വെളിയങ്കോട് പ്രോജക്ടം ബ്രിഡ്ജ് നിർമ്മാണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly